**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2661** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് വാഹന ചാർജിങ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വർദ്ധിച്ച് വരുന്ന ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം കണക്കിലെടുത്ത് കുറ്റ്യാടി മണ്ഡലത്തിൽ നിലവിലുള്ള ഇലക്ട്രിക് വാഹന ചാർജിങ് സ്റ്റേഷനുകൾക്ക് പുറമേ അധികമായി ഇലക്ട്രിക് വാഹന ചാർജിങ് സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | **കെ എസ് ഇ ബി എൽ**<br><br>നിലവിൽ കെ.എസ്.ഇ.ബി-ക്ക് പദ്ധതികളൊന്നുമില്ല. കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നത് ലൈസൻസ് ആവശ്യമില്ലാത്ത പ്രവൃത്തിയാണ്. കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്ന സാങ്കേതിക സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് ചാർജിംഗ് സ്റ്റേഷനുകൾ ആർക്കും സ്ഥാപിക്കാവുന്നതാണ്.<br><br>**അനെർട്ട്**<br><br>വർദ്ധിച്ചുവരുന്ന ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം കണക്കിലെടുത്ത് കുറ്റ്യാടി മണ്ഡലത്തിൽ നിലവിലുള്ള ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ കൂടാതെ ഇ-കാറുകൾ ചാർജ് ചെയ്യുന്നതിനായുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം ഇതുവരെ ലീസ് വ്യവസ്ഥയിൽ ലഭ്യമായിട്ടില്ല. ദേശീയപാത/ സംസ്ഥാന പാതയോട് ചേർന്ന് 800 sq.ft മുതൽ 1000 sq.ft വരെസ്ഥലം Cafeteria, Washroom സൗകര്യത്തോടെ 10 വർഷത്തെ ലീസിനു ലഭ്യമാക്കിയാൽ ഇലക്ട്രിക്ക് വാഹനങ്ങൾക്കായുള്ള ചാർജിംഗ് ഹബ്ബുകൾ സ്ഥാപിക്കാവുന്നതാണ് ഇലക്ട്രിക്ക് 4 വീലറുകൾ ചാർജ് ചെയ്യുന്നതിന് 60KW ശേഷിയുള്ള 2 gun ഉള്ള മെഷീനും ഇലക്ട്രിക്ക് 2 വീലറുകൾക്കു ഫാസ്റ്റ് ചാർജ് ചെയ്യുന്നതിനായി 12KW ശേഷിയുള്ള LECCS മെഷീനും 12KW ശേഷിയുള്ള LEVDC മെഷീനും സ്ഥാപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ